(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിനുവേണ്ടി മൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നതിനും ഒരു സാമ്പത്തിക വർഷത്തിൽ തൊഴിലാളികളിൽ നിന്നുള്ള അംശദായ തുകയ്ക്ക് തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നതിനുമായി 1974-ലെ കേരള കർഷക തൊഴിലാളി ആക്ട് ഭേദഗതി ചെയ്തു. ഭൂവുടമാവിഹിതം ½ ഹെക്ടർ മുതൽ 1 ഹെക്ടർ വരെ 10 രൂപയും 1 ഹെക്ടറിനു മുകളിൽ 15 രൂപയും ആയിരുന്നത് 40 ആറിന് മുകളിൽ ഓരോ ആറിനും 25 പൈസ എന്ന നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ക്ഷേമനിധിയിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് 2001 മുതൽ വിതരണം ചെയ്യാൻ കുടിശ്ശികയായിരുന്ന അതിവർഷാനുകൂല്യം നൽകുന്നതിനുവേണ്ടി 2009-2010, 2010-11 വർഷങ്ങളിലായി 114.9 കോടി രൂപ ബോർഡിന് ഗ്രാന്റായി അനുവദിച്ചു. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ 31 വരെയുള്ള അപേക്ഷകളിൽ അതിവർഷാനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ 5,43,144 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്. ഈ സർക്കാർ കർഷക തൊഴിലാളി പെൻഷൻ നൽകുന്നിതിനു വേണ്ടി മൊത്തം 840,39,60,992 (എണ്ണൂറ്റി നാൽപതുകോടി മുപ്പത്തിയൊമ്പതു ലക്ഷത്തി അറുപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടു രൂപ) അനുവദിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ അമിത രാസവസ്തു പ്രയോഗം

7(*277) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്തെ അമിതമായ രാസവസ്തു പ്രയോഗം കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകരേയും കൃഷിഭൂമിയേയും എത്രത്തോളം ദോഷകരമായി ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മണ്ണിനേയും മനുഷ്യനേയും വിഷലിപ്തമാക്കിക്കൊണ്ടിരിക്കുന്ന രാസ കൃഷി രീതികളിൽ നിന്ന് കർഷകസമൂഹത്തെ സ്വതന്ത്രമാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കാൻ കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കൃഷിയിൽ നിന്ന് രാസവസ്തുക്കളെ പൂർണ്ണമായി ഒഴിവാക്കുന്ന ജൈവ കൃഷി രീതി പ്രചരിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം വിജയിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ,

(എ) മണ്ണിലും വെള്ളത്തിലും കാർഷിക ഉല്പന്നങ്ങളിലും കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവ എത്രത്തോളം ഉണ്ടാകുമെന്ന് അറിയുന്നതിനുള്ള പഠനങ്ങൾ കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്നു.

(ബി) രാസകൃഷി രീതികളിൽ നിന്നും കർഷക സമൂഹത്തെ സ്വതന്ത്രമാക്കാൻ വിവിധ പദ്ധതികൾ കൃഷി വകുപ്പു നടപ്പിലാക്കുന്നുണ്ട്.

1. ജൈവ കൃഷി ഫാമിംഗ്

2. സംയോജിത കീടനിയന്ത്രണം മുതലായവ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, ബയോ ഫെർട്ടിലൈസർ ലാബ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ജൈവ കാർഷിക ഉൽപ്പാദനോപാധികൾ വിതരണം ചെയ്തു വരുന്നുണ്ട്. മാത്രമല്ല അമിതമായ രാസകീടനാശിനിയുടെ ഉപയോഗം കുറയ്ക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനികൾ വില്പന നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ കോൾനിലങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. രാസവസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ജൈവ കാർഷിക നയത്തിന് സർക്കാർ രൂപം നൽകിക്കഴിഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവിഭാഗക്കാർക്കുവേണ്ടിയുള്ള വികസന ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി

8(*278) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാർക്കു വേണ്ടിയുള്ള വികസന ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) 2001-2006 കാലത്ത് പട്ടികജാതി ഘടകപദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

(സി) കഴിഞ്ഞ നാലു വർഷം ഈ ഇനത്തിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട് ;

(ഡി) വികസനഫണ്ട് എന്തെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത് ;

(ഇ) പട്ടികവിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമി വാങ്ങി നൽകുന്നതിനുമായി ഈ സർക്കാർ നടത്തിയ പ്രവർത്തനം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly